# ശ്രീനാരായണഗുരു

'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്ന സാർവ്വലൗകികമായ ജീവിത സന്ദേശം ലോകത്ത് അവതരിപ്പിച്ച ഋഷിയും കവിയും സാമൂഹിക പരിഷ്കർത്താവുമാണ് ശ്രീനാരായണഗുരു. ക്രൂരമായ അയിത്താചരണത്തിന്റെ പേരിൽ ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദനാൽ വിളിക്കപ്പെട്ട കേരളത്തിലാണ് ശ്രീനാരായണഗുരു തന്റെ നവോത്ഥാന പരിപാടികൾ തുടങ്ങി വെച്ചത് .

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ

ഇതായിരുന്നു അന്നത്തെ കേരളത്തിന്റെ അവസ്ഥ എന്ന് മഹാകവി കുമാരനാശാൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീനാരായണഗുരുവിന്റെ നിസ്തന്ദ്രമായ പ്രവർത്തനം മൂലം പിൽക്കാലത്ത് കേരളം ഇന്ത്യയിലെ തന്നെ മാതൃകാപരമായ സംസ്ഥാനമായിമാറി. വിദ്യാഭ്യാസം, രാഷ്ട്രീയ പ്രബുദ്ധത, സാമുദായിക സൗഹാർദ്ദം, മതസഹിഷ്ണുത എന്നിവയിൽ കേരളം പിൽക്കാലത്ത് കൈവരിച്ച നേട്ടത്തിന് സൂത്രധാരത്വം വഹിച്ചത് ശ്രീനാരായണഗുരുവല്ലാതെ മറ്റാരുമല്ല.

തിരുവനന്തപുരം നഗരത്തിനടുത്തുള്ള ചെമ്പഴന്തി ഗ്രാമത്തിൽ മാടനാശാന്റെയും കുട്ടിയമ്മയുടെയും മകനായി 1856-ാം മാണ്ട് ചിങ്ങമാസത്തിലെ ചതയം നാളിൽ നാരായണൻ (നാണു) ജനിച്ചു. ഈഴവ സമുദായത്തിൽപ്പെട്ടവർക്ക് അന്ന് ക്ഷേത്രത്തിൽ പ്രവേശിക്കാനോ സർക്കാർ സ്ക്കൂളിൽ പഠിക്കാനോ സർക്കാർ സർവ്വീസിൽ ജോലി സമ്പാദിക്കാനോ എന്തിന് പൊതുനിരത്തുകളിൽ കൂടി സഞ്ചരിക്കാനോ അനുവാദമുണ്ടായിരുന്നില്ല. മറിച്ച് പറയർ, പുലയർ, കുറവർ തുടങ്ങിയ അധ:കൃത സമുദായക്കാരെ അകറ്റി നിറുത്തുന്നതിലും പീഡിപ്പിക്കുന്നതിലും ഈഴവരും മടിച്ചിരുന്നില്ല. എന്നാൽ ബാല്യത്തിൽ തന്നെ പ്രായമായവരുടെ എതിർപ്പിനെ വകവെയ്ക്കാതെ അധ:കൃത സമുദായത്തിൽപ്പെട്ട കുട്ടികളുമായി കൂട്ടുകൂടുന്നതിലും അവരുടെ വീടുകൾ സന്ദർശിക്കുന്നതിലും നാണു തൽപരനായിരുന്നു.

മലയാളഭാഷയും സംസ്കൃതത്തിലെ ബാലപാഠങ്ങളും നാണുവിനെ അഭ്യസിപ്പിച്ചത് വിദ്യാസമ്പന്നരായ അച്ഛനും അമ്മാവനുമായിരുന്നു. പാരമ്പര്യ രീതിയിൽ ചികിത്സാ സംബന്ധമായ അറിവുകളും നാണു സമ്പാദിച്ചു. വിദ്യാഭ്യാസത്തിൽ അതിതൽപരനായിരുന്ന നാണു കരുനാഗപ്പള്ളിയിൽ കുമ്മമ്പിള്ളി രാമൻപിള്ളയാശാന്റെ ഗുരുകുലത്തിൽ ഉപരിപഠനത്തിന് ചേർന്നു. വാരാണാപിള്ളി തറവാട്ടിൽ താമസിച്ച് പഠിച്ചിരുന്ന നാണു പഠിത്തത്തിലെന്നപോലെ കാവ്യ രചനയിലും സത്കർമ്മങ്ങളിലും പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. അധ്യാപകന്റെ നിർദ്ദേശപ്രകാരം അവ കൂട്ടുകാർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്തിരുന്നു.

വാരണാപിള്ളിയിൽ നിന്നു വിദ്യാഭ്യാസം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ നാണു നാട്ടിലും പരിസര പ്രദേശങ്ങളിലും കുട്ടികളെ പഠിപ്പിക്കുന്നതിൽ വ്യാപൃതനായി. നാണുവാശാനെന്ന പേര് അങ്ങനെ ഉറയ്ക്കുകയുണ്ടായി. അധ്യാപനത്തിലും ഭക്തി മാർഗ്ഗത്തിലും മാത്രം തൽപരനായ നാണുവാശാനെ ബന്ധുക്കൾ നിർബന്ധ പൂർവ്വം വിവാഹബന്ധത്തിൽ കുടുക്കി. പക്ഷേ വിവാഹജീവിതം മടുത്ത് നാണു നാടുപേക്ഷിച്ചു.

വനങ്ങളിലും ഗുഹകളിലും കടൽത്തീരങ്ങളിലും ജനപഥങ്ങളിലും ഒരവധൂതനായി നാണു ജീവിച്ചു. മനുഷ്യ ജീവിതത്തെ അടുത്തറിഞ്ഞ് ആഴത്തിൽ മനസ്സിലാക്കാൻ ഈകാലത്ത് അദ്ദേഹത്തിനു കഴിഞ്ഞിരിക്കണം. ചട്ടമ്പിസ്വാമികളെന്ന് പില്ക്കാലത്ത് പ്രസിദ്ധനായ ഷൺമുഖദാസനുമായി നാണുവാശാൻ ഈ കാലത്ത് സൗഹൃദം സ്ഥാപിച്ചു. അയ്യാസ്വാമികളെന്ന സിദ്ധയോഗിയുടെ അടുക്കൽ നാണുവിനെ യോഗവിദ്യ അഭ്യസിപ്പിക്കാൻ സഹായിച്ചത് ചട്ടമ്പി സ്വാമികളായിരുന്നു.

മരുത്വാമലയിലുള്ള പിള്ളത്തടമെന്ന ഗുഹയിൽ തപസ് അനുഷ്ഠിക്കുന്ന കാലത്ത്തന്നെ നാണുയോഗിയുടെ സിദ്ധിയിൽ ആകൃഷ്ടരായ ആളുകൾ അദേഹത്തെ സന്ദർശിച്ചിരുന്നു. എങ്കിലും ഒരിടത്ത്

സ്ഥിരമായിരിക്കാതെ നാണുയോഗി ദക്ഷിണേന്ത്യയിൽ എങ്ങും സഞ്ചരിച്ചു കൊണ്ടിരുന്നു. ആധ്യാത്മികമായ സിദ്ധികൾ പൂർണ്ണമായി കൈവന്ന നാണുയോഗി തന്റെ നിയോഗം ദുരിതമനുഭവിക്കുന്ന പാവപ്പെട്ടവരുടെ മോചനമാണെന്ന് തിരിച്ചറിഞ്ഞത് ഇക്കാലത്താണ്. "അവനവനാത്മ സുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണം" എന്ന് നാരായണ ഗുരു ജീവിതം കൊണ്ടു തെളിയിക്കുകയായിരുന്നു.

സമൂഹത്തിൽ നിലനിന്നിരുന്ന തീണ്ടൽ, തൊടീൽ തുടങ്ങിയ ദുരാചാരങ്ങളും അനക്ഷരതയും മദ്യപാനാസക്തിയും ദൂരീകരിക്കേണ്ടതാണെന്ന് നാരായണഗുരു മനസിലാക്കി. അദ്ദേഹം ജനങ്ങളുമായി കൂടുതൽ അടുക്കുകയും ഒരു ഗുരുവായും മാർഗ്ഗദർശകനായും പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. പ്രാകൃതമായ ആരാധനാരീതിയിൽ നിന്നും അയിത്തജാതിക്കാരെ മോചിപ്പിക്കാനും അവരിൽ ആത്മവിശ്വാസം വളർത്താനും സാത്വികമായ ആരാധനാരീതി അദ്ദേഹം ഉപദേശിച്ചു. അരുവിപ്പുറം ഗ്രാമത്തിൽ തന്റെ ഉപദേശം ശ്രവിക്കാൻ സ്ഥിരമായി എത്തിയിരുന്നവരെ സാക്ഷിനിർത്തി 1888-ൽ ഗുരു ശിവലിംഗം പ്രതിഷ്ഠിച്ചു. ശിവലിംഗം പ്രതിഷ്ഠിക്കാൻ അവർണ്ണ ജാതിക്കാരനും കഴിയുമെന്ന സത്യം അന്നത്തെ യാഥാസ്ഥിതിക സമൂഹത്തിന് ഒരു ഞെട്ടിക്കൽ ചികിത്സയായി ഭവിച്ചു. സവർണ്ണ ക്ഷേത്രങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്ന പതിനായിരക്കണക്കിന് ഭക്തർ ദേവാലയം സ്ഥാപിച്ചു കിട്ടാനായി ഗുരുവിനെ സമീപിച്ചു. ഗുരു അവർക്കെല്ലാം സാത്വികാരാധനയ്ക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തു. എന്നാൽ ക്ഷേത്രങ്ങളോടനുബന്ധിച്ച് പള്ളിക്കൂടങ്ങളും വ്യവസായ പരിശീലന കേന്ദ്രങ്ങളും വേണമെന്നു ഗുരു നിഷ്കർഷിച്ചു. ആചാരപരിഷ്കരണവും ശുചിത്വവും വിദ്യാഭ്യാസവും പ്രചരിപ്പിക്കാൻ ഗുരു അനുയായികളെ പ്രേരിപ്പിച്ചു.

തന്റെ പ്രവർത്തനങ്ങൾ മുഴുവൻ ജനങ്ങളിലും എത്തിക്കാൻ വേണ്ടി അനുയായികളുടെ സഹായത്തോടെ 1903-ൽ ശ്രീനാരായണ ധർമ്മ പരിപാലനയോഗം സ്ഥാപിച്ചു. ഗുരു അദ്ധ്യക്ഷനായ യോഗത്തിന്റെ സെക്രട്ടറി കുമാരനാശാനും ഉപാധ്യക്ഷൻ ഡോ:പൽപ്പുവുമായിരുന്നു. എസ്.എൻ.ഡി.പി യോഗത്തിന്റെ പ്രവർത്തനം കേരളത്തിലെ അവർണ്ണ സമുദായങ്ങളുടെ പ്രത്യക്ഷത്തിലുള്ള ഉയിർത്തെഴുന്നേൽപ്പായിമാറി.

വിദ്യാഭ്യാസം, തൊഴിൽപരിശീലനം, വ്യവസായം, അയിത്തോച്ചാടനം, മദ്യനിർമാർജനം എന്നിവയായിരുന്നു ധർമ്മ പരിപാലന യോഗത്തിന്റെ ലക്ഷ്യങ്ങളിൽ മുഖ്യമായിരുന്നത്. കുമാരനാശാൻ ഡോ:പൽപ്പു, മൂർക്കോത്ത് കുമാരൻ, സി.വി.കുഞ്ഞുരാമൻ, സ്വാമി സത്യവ്രതൻ, കെ. അയ്യപ്പൻ, സി. കേശവൻ, റ്റി.കെ. മാധവൻ തുടങ്ങിയ അനേകം അനുയായികൾ ശ്രീനാരായണധർമ്മ പ്രവർത്തകരായി കേരളത്തിൽ പരിവർത്തനം വരുത്താൻ മുന്നിട്ടിറങ്ങി.

ഹിന്ദുദേവതകളെയാണ് പ്രതിഷ്ഠിച്ചതെങ്കിലും ദേവാലയങ്ങൾ ജാതിഭേതവും മതദ്വേഷവും കൂടാതെ എല്ലാവർക്കും ഒത്തുചേരാനുള്ള സ്ഥലമാണെന്ന് ഗുരു 1888-ൽ ആദ്യ ശിവലിംഗ പ്രതിഷ്ഠാ സമയത്തുതന്നെ പറഞ്ഞിരുന്നു. ക്ഷേത്രങ്ങൾ അതിനു പര്യാപ്തമാവാതെ വന്നപ്പോൾ ഗുരു ക്ഷേത്ര നിർമ്മാണത്വരയെ തടയാൻ ശ്രമിച്ചു. മാത്രമല്ല ദേവാലയ നിർമാണത്തിൽ മതാതീതമായ പ്രതീകങ്ങൾക്കു പ്രാധാന്യം നൽകാനും തുടങ്ങി. ശിവഗിരിയിൽ വിദ്യാദേവതയായ ശാരദയെ പ്രതിഷ്ഠിച്ചത് ഇതിന്റെ തുടക്കമായിരുന്നു. ആലുവയിൽ യാതൊരു പ്രതിഷ്ഠയും ഇല്ലാതെ അദ്വൈത ആശ്രമം സ്ഥാപിച്ചു. മുരുക്കുമ്പുഴ എന്ന സ്ഥലത്ത് സത്യം, ധർമം, ദയ എന്നെഴുതിയ പ്രഭയാണ് പ്രതിഷ്ഠിച്ചത്. കളവംകോട് പ്രതിഷ്ഠിച്ച കണ്ണാടി ഗുരുവിന്റെ മതദർശനത്തിന്റെ സാർവ്വലൗകികതയെയാണ് വ്യക്തമാക്കുന്നത്.

കേരളത്തിനു പുറത്തേക്കും ഗുരുവിന്റെ കീർത്തിയും പ്രവർത്തനങ്ങളും വ്യാപിച്ചു. മദ്രാസിലും സിലോണിലും ഗുരുവിനെ സ്വീകരിച്ചുകൊണ്ടുപോകാൻ അവിടത്തുകാർ മത്സരിച്ചു. ആ സ്ഥലങ്ങളിലുള്ള സന്ന്യാസിമാരുമായും മതപ്രവർത്തകരുമായും പൊതുജനങ്ങളുമായും ഗുരു സംവദിച്ചു കൊണ്ടിരുന്നു. "മദ്യം വിഷമാണ് അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് "എന്ന സന്ദേശം തിരുനാൾ സമ്മാനമായി ഗുരു ലോകത്തിനുനൽകി. "മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല"എന്ന

സന്ദേശം സ്വന്തം കൈപ്പടയിലെഴുതി അനുയായിയായ കെ. അയ്യപ്പനെ ഏൽപ്പിച്ചത് 1921-ലാണ്. വർഗ്ഗത്തിനും ദേശത്തിനും ഭാഷയ്ക്കും അപ്പുറത്ത് ഏകലോകമെന്ന സന്ദേശമാണ് ഗുരു ഇതിലൂടെ നൽകിയത്. 1924-ൽ ആലുവയിൽ ഗുരുവിന്റെ നേതൃത്വത്തിൽ ഒരു സർവ്വമത സമ്മേളനം നടത്തുകയുണ്ടായി. ഏഷ്യയിൽ തന്നെ ഇത്തരം സമ്മേളനം ആദ്യത്തേതായിരുന്നു. "വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്"എന്നതായിരുന്നു സമ്മേളനത്തിന്റ മുദ്രാവാക്യം.

അഖിലേന്ത്യാ പ്രശസ്തരായ മഹാത്മാക്കൾ പലരും കേരളത്തിലെത്തി ഗുരുവിനെ സന്ദർശിച്ചിരുന്നു. ഗുരുവിനെ സന്ദർശിച്ച് സംഭാഷണം നടത്തിയ മഹാകവി ടാഗോർ ഇങ്ങനെയാണ് പ്രതികരിച്ചത് : "ഭാരതഭൂമിയിൽ ജീവിച്ചിരിപ്പുള്ള പരമഹംസൻമാരിൽ സ്വാമി തൃപ്പാദങ്ങളെപ്പോലെ പാവനചരിതനായ ഒരു മഹാത്മാവിനെ ഞാൻ കണ്ടിട്ടില്ല. ..."

മഹാത്മാഗാന്ധി ശിവഗിരിയിലെത്തി ഗുരുവുമായി സംവദിക്കുകയുണ്ടായി. ഗാന്ധിജിയുടെ അയിത്തോച്ചാടന പരിപാടികളോടും ക്ഷേത്രപ്രവേശന സത്യാഗ്രഹത്തോടും ഗുരു അനുഭാവം പ്രകടിപ്പിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തോടൊപ്പം അധഃകൃതോദ്ധാരണവും പ്രധാനപ്പെട്ടതാണെന്ന് ശ്രീനാരായണ ഗുരുവുമായി സംവദിച്ച ഗാന്ധിജി തിരിച്ചറിഞ്ഞു. 1928-ൽ സന്യാസിശിഷ്യൻമാർക്ക് വേണ്ടി ശ്രീനാരായണ ധർമ്മ സംഘം സ്ഥാപിച്ചു. മൂത്രതടസ രോഗം മൂലം അസ്വസ്ഥത അനുഭവിച്ചിരുന്ന ഗുരുദേവൻ 1928 സെപ്റ്റംബർ 20ന് മഹാസമാധിപ്രാപിച്ചു.

## സന്ദേശങ്ങൾ

"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
ഒരു യോനിയൊരാകാരം ഒരു ഭേദവുമില്ലതിൽ"

One in kind, one in faith one in God is man .
Of one same womb, one same form, difference none there is at all .

"ഒരു ജാതിയിൽ നിന്നത്രേ പിറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോൾ ഒരു ജാതിയിലുള്ളതാം"

Within a species, is it not off spring truly breed?
The community of men thus viewed to a single caste belongs.

"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും
സോദരത്വേനവാഴുന്ന മാതൃകാ സ്ഥാനമാണിത് "

This is the ideal place where everyone dwells in brotherhood without difference of caste or religious hatred.

" അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം,
അരുളുള്ളവനാണു ജീവിയെ-
ന്നുരുവിട്ടീടുകയീ നവാക്ഷരീ. "

Grace, Love, Mercy- all the three
Stand for one same reality-Life's star.
He who loves is he who really lives Do learn
These syllables nine by heart, in place of lettered charm

പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലവതു കണ്ടലയാതമർന്നിടേണം

The many faiths have but one essence;
not seeing this, in this world , like the blind men and the elephant
many kinds of reasoning are used by the unenlightened who became distressed,
having seen this, without being disturbed, remain stead fast.

പൊരുതു ജയിപ്പതസാധ്യമൊന്നിനോടൊ-
ന്നൊരു മതവും പൊരുതാലൊടുങ്ങുവീല;
പരമതവാദിയിതോർത്തിടാതെ പാഴേ
പൊരുതുപൊലിഞ്ഞിടുമെന്ന ബുദ്ധിവേണം

By fighting it is impossible to win;
by fighting one another no faith is destroyed,
One who argues against another's faith , not recognizing this,
fights in vain and perishes; this should be understood

'മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്'

Liquor is poison, make it not , sell it not, drink it not.

മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല.

Distinction of religion, dress or language should not stand in the way of intermarriage and interdining as all men belong to the same species

മതമേതായാലും മനുഷ്യൻ നന്നായാൽ മതി

Man must progress whatever his religion.

അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം

Acts that one perform for one's sake
should aim the good of other men

ജാതി ചോദിക്കരുത് പറയരുത് ചിന്തിക്കരുത്

Ask not, Say not, Think not, Caste